## പ്രവാസികളെ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ നടപടി

80 (3275) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യക്ഷേമപദ്ധതികളിൽ പ്രവാസികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽനിന്നും മടങ്ങിവരുന്ന പ്രവാസികളെ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

സാമൂഹ്യക്ഷേമ പദ്ധതികളിൽനിന്നും പ്രവാസികളെ ഒഴിവാക്കിയിട്ടില്ല. സാമൂഹ്യനീതി വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി, തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന പ്രവാസികളും സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്.

## ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള തൊഴിൽദാന പദ്ധതി

81 (3276) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവരിൽ എത്ര പേർക്ക് സർക്കാർ പുനരധിവാസ പദ്ധതിപ്രകാരം തൊഴിൽ നൽകി എന്നത് വ്യക്തമാക്കാമോ ?

### ഉത്തരം

ഗൾഫിൽ നിന്ന് തിരികെയെത്തിയ പ്രവാസി മലയാളികൾക്കുവേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 2013 ജൂലൈ 15 വരെ അപേക്ഷ സമർപ്പിച്ച അപേക്ഷകരിൽ ആദ്യത്തെ 1000 അപേക്ഷകരിൽനിന്നും ടാക്സി സർവ്വീസിന് അപേക്ഷ സമർപ്പിച്ചിരുന്ന 148 പേരെ നാല് സ്ഥലങ്ങളിലായി ക്ഷണിച്ചുവരുത്തി അവരുടെ അപേക്ഷ പരിശോധിച്ച് 73 പേരെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. ഉല്പാദനമേഖലയിൽ അപേക്ഷ സമർപ്പിച്ചവർക്കായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പുകൾ ചേർന്ന് ബോധവൽക്കരണ/ പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുവരികയാണ്. ഇതിലൂടെ പദ്ധതി ആരംഭിക്കുന്നതിന് പ്രാപ്തിയും താല്പര്യവുമുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് വ്യവസായ വകുപ്പ് ആവശ്യമായി വരുന്ന കൈതാങ്ങ് നൽകുന്നതുമാണ്. കാർഷിക വ്യാവസായിക മേഖലയിൽ താല്പര്യമുള്ളവരെ കണ്ടെത്തുന്നതിനും പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സേവന മേഖലയ്ക്കും ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly